

# നിറക്കൂട്ട്

Email:ghs29wkadungalloor@gmail.com

# ആമുഖം



മിനി പി ബി

ഹെഡ്മിസ്ട്രിസ്

ഈ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അന്വേ ഷണ ബോധവും കുടുതൽ അറിയാനുള്ള ആഗ്രഹവുമാണ്. ഗവ.എച്ച്.എസ്.വെസ്റ്റ് കടുങ്ങല്ലൂർ ദശാബ്ധങ്ങളായി ഈ മാത്രുക പിൻതുടരുന്നു. വിദ്യാർത്ഥികളുടെ തനതായ കഴിവുകളെ കേന്ദ്രീകരിച്ചാണ് ഞങ്ങൾ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നത് ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥികൾ നമ്മുടെ ഈ പരിശ്രുമത്തിന്റെ ഉത്തമ മാതൃകകളാണ്.ആധുനിക സാങ്കേതിക വിദ്യയിലേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താൻ "ലിറ്റിൽ കൈറ്റ്സ്" എന്ന സർക്കാരിന്റെ ഐ ടി കൂട്ടായ്മ എന്ന സംരംഭത്തിന് കഴിയുന്നുണ്ട് എന്നത് നിസംശയം പറയാം. ഈ സാങ്കേതികവിദ്യയുടെ വൈദഗ്ദ്യം കുട്ടികളിലേക്ക് പകർന്നു നല്കി അവരെ ഭാവിയുടെ വാഗ്ദാനങ്ങളാക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

*എന്ന്*

ഹെഡ്മിസ്ട്രസ്

# ഓർമകളിലേക്ക്.....



**പുസ്തകങ്ങളെ സ്വന്തം ജീവനെപ്പോലെ സ്നേഹിച്ച അറിവിന്റെ**

**തമ്പുരാനായ മാസ്റ്റർ.ആദിത്യചന്ദ്രൻ എം.എ.**

**ഓർമ്മകളായിട്ട് 2 വർഷം.**

# വായന മറക്കുന്ന മലയാളി

*(ലിപി)*

സാംസ്കരിക സദസ്സുകളിലും മറ്റും ഉയർന്ന് കേൾക്കുന്ന മുറവിളിയാണ് പഴയതുപോലെ ആരും ഗൗരവ മുള്ള വായനയിൽ ഏർപ്പെടുന്നില്ല എന്നത്. ഇത് എത്രമാത്രം ശരിയാണെന്ന് വസ്തുതകൾ പരീശോധിക്കാതെ പറയുക വയ്യ. അറിവിന്റെ നിധികളാണ് പുസ്തകങ്ങൾ. പുസ്തകങ്ങൾ വായിച്ചു അറിവ് നേടുക എന്നത് മഹത്തായ ഒരു കാര്യമാണ്.

ടാഗോറിന്റെ ഭാഷയിൽ പറഞ്ഞാൽ വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക. മനുഷ്യന്റെ മനസ്സിൽ വെളിച്ചം പകർത്താൻ വായന പോലെ സഹായിക്കുന്ന മ റ്റൊന്നുമില്ല. കുഞ്ഞുണ്ണി മാഷിന്റെ ഭാഷയിൽ പറഞ്ഞാൽ വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും. വായിച്ചു വ ളരുന്നവൻ വളരും. വായിക്കാതെ വളരുന്നവൻ വളയും. ഇന്ന് മലയാളികൾക്ക് വായന അന്യം നിന്നു പോയോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരു കാലഘട്ടത്തിൽ വായനക്കായിരുന്നു ഏറെ പ്രാധാന്യം. ഇന്ന് പുതിയ തലമുറ വായന എന്ന ശീലം

തന്നെ മറന്നു പോയോ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു.ഇന്നത്തെ കുട്ടികൾ കുടുതലും ടി.വി, മൊബൈൽ തുടങ്ങിയ മാധ്യമങ്ങളെ ആശ്രയിക്കു ന്നു.അവർക്ക് അതിൽ ചടഞ്ഞു കൂടാനാണു താൽപര്യം. ഒരു ഗ്രന്ഥശാലയിൽ പോകാനോ പുസ്തകങ്ങൾ വായിക്കാനോഇന്നത്തെ കുട്ടികൾ സമയം കണ്ടെത്തുന്നില്ല.

ലൈറ്റ് റീഡിംഗ് ഒരു കാലത്ത് കേരളത്തിൽ സജീവമായിരുന്നു. മംഗളം, മനോരമ, സഖി വാരിക എന്നീ മപ്രസിദ്ധീകരണങ്ങൾ വീട്ടമ്മമാരുടെ സമയം കൊല്ലികളായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനം സീരിയലുകൾ ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിൽ സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പത്രവായനക്കാരുടെ എണ്ണവും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ വളരെ കുടുതലാണെന്നാണ് പഠനങ്ങൾ പറയുന്നത്. പക്ഷെ പത്രവായന കൊണ്ട് മാത്രം ഗൗരവമുള്ള വായനയിൽ ഏർപ്പെടുന്നില്ല എന്നതാണ് പണ്ഡിതമതം.

വിജ്ഞാനവിസ്ഫോടനത്തിന്റെ കാലം ആയിട്ടാണ് ഈ നുറ്റാണ്ടിനെ പലരും വിലയിരു ത്തുന്നത്. കടലാസ് എന്ന മാധ്യമം ഏതാണ്ട് പൂർണ്ണമായും ഓൺലൈനിലേയ്ക്കു വഴി മാറിയിരി ക്കുന്നു. പണ്ട് പുസ്തകങ്ങൾ വായിക്കണമെങ്കിൽ ഗ്രന്ഥ ശാലയേയോ പുസ്തക കടയേയോ ആശ്രയിക്കണമായിരുന്നു.എന്നാൽ

ആ സ്ഥിതി മാറിയിരിക്കുന്നു.

ഒരു ടാബ് ലറ്റ് കമ്പ്യൂട്ടർ ഉണ്ടെങ്കിൽ ലോകത്തെ ഏതു പ്രശസ്തമായ കൃതിയും വിരൽത്തുമ്പിൽ ലഭിക്കും. ഗൗരവമായ സാഹിത്യചർച്ചകൾ ഇപ്പോൾ ഓൺലൈൻ സൈറ്റുകളിൽ വ്യാപകമാണ്.അടുത്തിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച യുവകഥാകൃത്ത് സന്തോഷ് ഏച്ചിക്കാനത്തിന്റെ ബിരിയാണി എന്ന ചെറുകഥയെ ആസ്പദമാക്കി നടന്ന ഓൺലൈൻ ചർച്ച ഒരു ഉദാഹരണമാണ്.

ഇന്ന് പ്രസിദ്ധീകരണത്തിന്റെയും പ്രസാധകരുടേയും എണ്ണം ഏറെ വർദ്ധിച്ചിരിക്കുന്നു.കൂടാതെ നവമാധ്യമങ്ങളിലൂടെയും വായനയും പുനർവായനയും നടത്താൻ സാധിക്കും. നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വായനയെ തിരികെ കൊണ്ടുവരാം. മലയാളി വായന മറക്കുകയല്ല മറിച്ച് അക്ഷരങ്ങളെ നെഞ്ചോട് ചേർക്കുകയാണ് വേണ്ടത്.

**എഴുതിയത് :**
**കൃഷ്ണ എസ്.ജെ**



**IX-B**

# പോസ്റ്റർ




Say No To Drugs !!!!





Don't Let Drugs Pull You Down!!!!



Drugs Drags UDown...



# മൊബൈൽ ഫോൺ യുഗം

(കവിത)




അയ്യോ! ശിവശിവ കണ്ടില്ലേയീ-
നമ്മുടെ നാടിൻ ഗതി കണ്ടില്ലേ
നമ്മുടെ പുതുതലമുറയുടെ
ഗതിയിതു കണ്ടില്ലെന്നു നടിക്കരുതാരും
മുമ്പേ പോകുന്നവരുടെ കൈയ്യിൽ
ഉണ്ടല്ലോ ഒരു മൊബൈൽ ഫോൺ






ചറപറ ചറപറ സന്ദേശങ്ങൾ
മറുപടി അയച്ചു രസിക്കുന്നുണ്ടേ
തലപൊക്കാനോ നേരമതില്ല-
വാട്സാപ്പില്ലേ ഫേസ്ബുക്കില്ലേ
നാട് മറന്നു വീട് മറന്നു
സ്വന്തം ഭാവിയതാകെ മറന്നു




പെൺകുട്ടികളോ ചാറ്റിങ്ങായി
പലപല കെണികൾ വന്നുഭവിച്ചു
വയസ്സന്മാരോ ചെറുപ്പക്കാരായ്
മകനന്നില്ല മകളെന്നില്ല
അവിടെ ക്യാമറ ഇവിടെ ക്യാമറ
ഉടുതുണിമാറാൻ പേടിയതായി






മൊബൈൽ ക്യാമറ കൺചിമ്മുമ്പോൾ
നഗ്നത പലതും വെളിച്ചത്തായി
ഇനിയും നാമൊന്നുണർന്നില്ലെങ്കിൽ
നമ്മുടെ നാളെ പാഴായീടും


-മീനാക്ഷി K.M
IX-B

# നിറക്കൂട്ടുകൾ


































***വിശാൽ K.S.***

***10 A***

# ശിഷ്ടകാലം (കഥ)

പടിഞ്ഞാറേ ചക്രവാളത്തിൽ അവസാന വെളിച്ചവും തൂക്കി സൂര്യൻ കടലിലേക്ക് താണുകൊണ്ടേയിരിക്കുന്നു മോഹതമായ സായാഹ്ന വേളയിൽ മൂകനായി ഞാൻ അലയുകയായിരുന്നു.

അങ്ങനെ ദിനങ്ങളൊന്നൊന്നായി പൊഴിഞ്ഞു കൊണ്ടിരുന്നു അവളുടെ രോഗം മൂർചിച്ചു വരികയാണ് സ്നേ ഹിച്ചവൾ അവൾ എന്റെ ഭാനുമതി എന്നെയും മകനേയും ജീവുതുല്യം എന്റെ ഭാര്യാപദവി ഭംഗിയായി അലങ്കരിച്ചവൾ മരണക്കിടക്കയിൽപ്പോലും അവളുടെ അ വസാനത്തെ ആഗ്ര ഹം താൻ ഓമനിച്ചുവളർത്തിയ പൊന്നു മോൻ ഉണ്ണിയെ ഒരു നോക്കു കാണുവാനായിരുന്നു അതിനു വേണ്ടി ഞാൻ വൃദ്ധസ ദനത്തിൽ നിന്നും തന്റെ പ്രിയപ്പെട്ട മകനായ ഉണ്ണിക്ക് കത്തെ ഴുതി പക്ഷേ അതിനു മറുപടിയൊന്നു മുണ്ടായില്ല.


അവസാനം അവളുടെ ആഗ്രഹം നിറവേറ്റുന്നതിനു വേണ്ടി അവനെ തേടി ഞാനിറങ്ങി യാതൊരു ഫലവും ഉണ്ടായില്ല അവനെ തേടി നടക്കുന്നതിനിടയിൽ വഴി യോരത്ത് രണ്ട് കാലുകളും നഷ്ടപ്പെട്ട ഒരു വൃദ്ധൻ ലോട്ടറി വിൽക്കുന്നത് കാണാനിടയായി അവളുടെ ചികിത്സയ് ക്കാവശ്യമായ പണം കണ്ടെത്തുവാൻ അന്വേഷിച്ചുനട ക്കുന്നതിനിടയിൽ ഞാനൊരു ലോട്ടറിയെടുത്തു മകനെ കാണാൻ സാധിക്കാത്ത വിഷമത്തിൽ തിരിച്ചു വൃദ്ധ സദനത്തിൽ എത്തിയപ്പോൾ കണ്ടത് ഒരാൾ ക്കൂട്ടമായിരുന്നു ഉള്ളിലെ

ഭീതിയുമായി ആൾക്കൂട്ടത്തിനടുത്തേക്ക് ചെന്ന ടുത്തപ്പോൾ ആൾക്കൂ ട്ടത്തിൽ നിന്നും ഒരാൾ ഓടി വന്ന് 'താങ്കൾ നാരായ ണനാണോ?' എന്നു ചോദിച്ചു. അതെ! എന്നു പറഞ്ഞു തലയാട്ടി ആകാംക്ഷ യോടെ ഞാൻ അയാളുടെ കണ്ണുകളിലേക്കു നോക്കി ഉടൻ തന്നെ വിഷമത്തോടെ അയാൾ മറുപടി പറഞ്ഞു താങ്കളുടെ ഭാര്യ ഈ ലോകത്തോടു വിടപറഞ്ഞിരിക്കുന്നു പൊടുന്നനെ സ്തംഭിച്ചു നിന്നു പോയി.

ആവളുടെ മരണം എന്നെ ദുഃഖത്തിലാക്കി എന്നാൽ തന്റെ സ്വന്തം അമ്മയെ അവസാനമായി കാണു വാനോ കർമ്മങ്ങൾ ചെയ്യുവാനോ അവൻ വന്നില്ല ദിനങ്ങളങ്ങനെ പൊയ്ക്കൊണ്ടിരുന്നു വായനാമുറിയിൽ ചെന്ന് പത്രമെടുത്ത് വായിക്കുന്നതിനിടയിൽ ലോട്ടറി നമ്പറുകൾ എന്റെ കണ്ണിൽ പെട്ടു ലോട്ടറി നമ്പറുകൾ നോക്കവേ വിശ്വസിക്കാനാകാത്ത വിധം ഞാൻ അമ്പര ന്നുപോയി ഞാൻ എടുത്ത ലോട്ടറി ടിക്കറ്റിനാണ് ഒന്നാം സമ്മാനം അടിച്ചിരിക്കുന്നത് എനിക്ക് ലോട്ടറിയടിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ അറിഞ്ഞ എന്റെ ഓമന മകൻ എന്നെത്തേടി വൃദ്ധസദനത്തിലെത്തി അവനും ഭാര്യയും കുഞ്ഞും എന്നെ അവന്റെയൊപ്പം കൂട്ടാൻ വിളിച്ചു മകന്റെ കഴുകക്കണ്ണുകൾ എനിക്ക് ലോട്ടറിയടിച്ച പണത്തി ലേക്കായിരുന്നു ഞാൻ വരുന്നില്ലാ എന്നു പറയുക മാത്രമല്ല എനിക്കു കിട്ടിയ പണം വൃദ്ധസദനത്തിലേൽപ്പിച്ചു

ശേഷിച്ച കാലം ആ വൃദ്ധസദനത്തിൽ എന്റെ ഭാര്യയുടെ ഓർമ്മകളുമായി കഴിഞ്ഞുകൂടാൻ ആഗ്രഹമെന്ന് അവരെ അറിയിച്ചു.

*എഴുതിയത്:*



സെമീന V.S IX-A

# പ്രളയം2018 ഒരു തിരിഞ്ഞുനോട്ടം



കേരളത്തിലുടനീളമുണ്ടായ വെള്ളപ്പൊക്കം മനുഷ്യമൃഗാദികളുടെ ജീവിതത്തെ അടിമുടി പിടിച്ചുകുലുക്കിയ ദുരന്തമായിരുന്നു. ന്യൂനമർദ്ദം മൂലമുണ്ടായ പേമാരിയും, ഉരുൾപൊട്ടലും, ചുഴലിക്കാറ്റും എല്ലാം ജീവിതത്തിന്റെ താളം തെറ്റിച്ചു. മനുഷ്യന്റെ അശാസ്ത്രീയമായ മണൽഖനനങ്ങളും ,കെട്ടിടനിർമ്മാണപ്രവർത്തനങ്ങളും പ്രകൃതിയെ ധ്വംസിക്കുന്ന തരത്തിലായിരുന്നു എന്നു പറയാതെ വയ്യ.

ഇവിടെ മുരുകൻ കാട്ടാക്കടയുടെ 'തിരികെയാത്ര'എന്ന കവിതയിലെ ചില വരികൾ ഓർത്തുപോവുകയാണ്.


***"ഇനിവരും നൂറ്റാണ്ടിൽ ഒരു പുസ്തകത്താളിൽ***
***പുഴയെന്നപേരന്റെ ചരിതപാഠം***
***ചാലുകളിലെല്ലാമുണങ്ങിയ മണൽകത്തി***
***നേരമിരുണ്ടും വെളുത്തും കടന്നുപോം***
***ഒടുവിൽ അഹല്യയെപ്പോലെ വസുന്ധര***

***ഒരു ജലസ്പർശമോക്ഷം കൊതിക്കും."***

സാമൂഹ്യമാധ്യമങ്ങളുടെയും കേന്ദ്രസേനകളുടെയും നാട്ടുകാരുടെയും പ്രത്യേകിച്ച് മത്സ്യതൊഴിലാളികളുടെയും സേവനങ്ങൾ അഭിനന്ദനാർഹമാണ്.ആരോഗ്യമേഖലകളിലെ സേവനങ്ങളും എടുത്തുപറയേണ്ടതാണ്.

പണത്തിന്റെയും  ജാതീയഉച്ചനീചത്വത്തിന്റെയും അതിർവരമ്പുകളെ ഭേദിക്കാൻ പ്രളയത്തിനു സാധിച്ചു. വരുംകാലം ഒരു പ്രളയം നാം മുൻകുട്ടികണ്ടേ മതിയാകു എന്ന് 2018 നമ്മെ ഓർമിപ്പിക്കുന്നു.അണക്കെട്ടുകളുടെ സുരക്ഷ, പ്രകൃതിയോടുള്ള വിധ്വംസകപ്രവർത്തനങ്ങൾ ഇവ ഭരണകുടം നിയന്ത്രണവിധേയമാക്കിയാൽ ഈ ദുരന്തത്തിന് ഒരറുതി വരുത്താൻ സാധിക്കും.

***എഴുതിയത് :***



**അനുരാജ്**

***IX B***

## ഫെയർ(ഉപജില്ലാതലം)

### ഐ.ടി.



**അബ്ദുള്ള സൽമാൻ 10 A**

**മൾട്ടിമീഡിയ പ്രസന്റേഷൻ(1st A Grade)**

### .ഗണിതം




**(പ്യുവർ കൺസ്ട്രക്ഷൻ)**

**അശ്വനി അനിൽകുമാർ 10 B**

**(2nd A Grade)**



### .സാമൂഹ്യ ശാസ്ത്രം



**1. നോയൽ 9**



**(സ്റ്റിൽ മോഡൽ) 2.ഷനസ**


**(5th A Grade)**

# രൂപകൽപ്പന ചെയ്തവർ

1.ഷെനസ്സ് ഈപ്പൻ കോശി



2.മുഹമ്മദ് മിസ്ഹബ് വി.എഫ്



3.ജിനു എസ്.എ




4.നോബിൾ ഷാജി



# പെൻസിൽ ഡ്രോയിങ്







# പ്രളയം... ഭീതിതമായ ഓർമ്മകളുടെ ബാക്കിപത്രം





**ഡോ. മീര .എ**
(മലയാളംഅദ്ധ്യാപിക)

അപ്രതീക്ഷിതവും അസാധാരണവുമായ ഒരു മഴക്കാലം കടന്നുപോയപ്പോൾ അമ്പരന്നുനിന്ന കേരളത്തിന് ഏറെ നാശനഷ്ടങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് കുത്തൊഴുക്കിൽ ബാക്കിയായവയും മുറുക്കിപ്പിടിച്ച് നിൽ ക്കുന്ന ആലുവയെ അത്രപെട്ടന്നൊന്നും മറക്കാൻ സാധി ക്കില്ല. ഓഗസ്റ്റ് 8-ാം തിയതിമുതൽ പ്രളയജലം കവർന്നുതുടങ്ങിയ ആലുവപ്പുഴയുടെ തീരങ്ങളിലുള്ളവർ. പക്ഷെ അത്രമാത്രം പ്രതീക്ഷിച്ചില്ലെന്നുമാത്രം ഓഗസ്റ്റ് 16-ന് എന്തു ചെയ്യണമെന്നറിയാതെ എങ്ങോട്ടു പോകണമെന്നറയാതെ വെറുങ്ങലിച്ച് നിന്നവർ ഒടുക്കം രണ്ടും കല്പിച്ച് നീന്തി നീന്താനാവാത്തവർ.ചരക്കുപാത്രങ്ങളിലും വാർപ്പുകളിലും

കയറിരക്ഷപ്പെട്ടു മത്സ്യത്തൊഴിലാളികളും നാവികസേനയും രക്ഷകരായി ദുരിതാശ്വസക്യാമ്പുകൾ.... സാഹോദര്യവും സമത്വവും തിരിച്ചുവന്നു.

പ്രളയാനന്തരം ഓഗസ്റ്റ് 21-ാം തിയതി പടി.കടുങ്ങല്ലൂർ ഗവ.ഹൈസ്കൂളിന്റെ മുറ്റത്തെത്തുമ്പോൾ കൃഷിയിറക്കാൻ തയാറെടുത്തു നിൽക്കുന്ന ചേറ്റുപാടം പോലെയായിരുന്നു വിദ്യാലയമുറ്റവും ക്ലാസ്മുറികളും ദുർഗന്ധം വമിയ്ക്കുന്ന ചെളിക്കൂമ്പാരങ്ങളിൽ തൊട്ടടുത്ത സൊസൈറ്റിയിൽ നിന്നും ഒഴുകിവന്ന പയറും കടലയും മറ്റു ധാന്യങ്ങളും മുളച്ചുപൊന്തിയിരിക്കുന്നു ചാക്കുകണക്കിന് പച്ചക്കറികൾ ചീഞ്ഞളിഞ്ഞുകിടന്നു ക്ലാസ്സ് മുറികളും ഓഫീസും സയൻസ്, കമ്പ്യൂട്ടർ ലാബുകളും സ്റ്റാഫ് റൂമും ചെളിയിൽ കുതിർന്നു ഉപകരണങ്ങൾ സർവ്വനാശം സംഭവിച്ചതിന് തുല്യമായിമാറിയിരുന്നു എട്ടു ദിവസം നീണ്ടു നിന്ന കഠിനപരിശ്രമത്തിൽ ഫലമായി ശുചീകരണം പൂർത്തിയായി അതിനു പിന്നിൽ കാസപർക്കോടു നിന്നും കോഴിക്കോട്ട് നിന്നും വന്നു ചേർന്ന



വാളണ്ടിയർമാരുംഫയർഫോഴ്സും യു.സി കോളേജിനു സമീപമുള്ള കോൾബെ സെമിനാ രിയിലെ വൈദിക വിദ്യാർത്ഥികളും തൊടുപിഴ ഐ.ടി അറ്റ് സ്കൂൾ അധ്യാപകരും ആലുവ ഐ.ടി അറ്റ്സ്കൂളിലെ ജയൻ സാറും മറ്റ് സാമൂഹിക പ്രവർത്തകരും കഠിനമായി അധ്വാനിച്ചിന് ഫലമായിരുന്നു ഓഗസ്റ്റ് 28-ന് വിദ്യാലയത്തിലെ അവസാനവട്ടശുചീകരണം 15-ചാക്കോളം അരി ചീഞ്ഞ് നശിച്ചുപോയിരുന്നു ജെസിബിയും ടിപ്പർലോറിയും വന്ന് ടൺകണക്കിന്

***വെയ്സ്റ്റുകൾ നീക്കം ചെയ്തു രണ്ടടി ഉയരത്തിൽ കെട്ടിക്കിടന്ന ചെളി ആദ്യ മൂന്നു ദിവസങ്ങൾ ക്കൊണ്ടുതന്നെ പരമാവധിനീക്കം ചെയ്തു ഉപയോ ഗശൂന്യമായ ഫർണ്ണിച്ചറുകളും അലമാരകളും ഒരിടത്ത് ശേഖരിച്ചുവച്ചു. ഉപയോഗയോഗ്യമായവയെല്ലാം കഴുകി യെടുത്ത് ഉണക്കി വൃത്തിയായി സൂക്ഷിച്ചു.***

***29–ാം തീയതി വിദ്യാലയം തുറന്നപ്പോൾ ഉച്ചഭക്ഷണത്തിനായി ഒരുമണി അരിയോ പലവ്യഞ്ജനങ്ങളോ ഉണ്ടായിരുന്നില്ല. ഇടത്തല അൽ–അമീൻ കോളേജിലെ അദ്ധ്യാപകരായ ശ്രീജ ടീച്ചറും ഷാനിബ ടീച്ചറുമടങ്ങുന്ന ഒരു സംഘം വിദ്യാലയത്തി ലേയ്ക്ക് കോളേജ് ക്യാന്റീനിൽ പാകം ചെയ്ത ചോറും സാമ്പാറും പയറുമെല്ലാം വിതരണം ചെയ്തു. പിറ്റേന്നു തന്നെ വിദ്യാർത്ഥികൾക്കായുള്ള സഹായ പ്രളയം ആരംഭിച്ചു. ആരോടൊകെ കൈനീട്ടിക്കാണിച്ചോ അവരെല്ലാം ചോദിച്ചതിലിരട്ടി സഹായിച്ചു. ആയിരക്കണക്കിന് നോട്ട് ബുക്കുകൾ, ഇൻസ്ട്രമെന്റ് ബോക്സുകൾ, ബാഗുകൾ, പൗച്ചുകൾ, പെൻസിലുകൾ, പേനകൾ, റബ്ബറുകൾ,സ്കെയ്ലുകൾ തുടങ്ങിയവ വിതരണം ചെയ്തു. വീടുകളിലേയ്ക്കു പാത്രങ്ങൾ, ബക്കറ്റുകൾ, മഗ്ഗുകൾ, ബ്ലാങ്കറ്റുകൾ, പുതപ്പുകൾ, ഷീറ്റുകൾ എന്നിവ കൊടുത്തയച്ചു. നൂറ്റമ്പതോളം കിടക്കകൾ വിദ്യാർത്ഥികൾക്കു വിതരണം ചെയ്തു. അമ്പതോളം ബെഞ്ചുകളും ഡെസ്ക്കുകളും വന്നു സ്റ്റാഫ്റൂം, ഓഫീസ്,ലൈബ്രറി, ലാബ്, ക്ലാസ്സ് മുറികൾ എന്നിവിടങ്ങളിലേയ്ക്ക് അലമാകളും മേശകലും കിട്ടി.***



***ഓഫീസ് അലമാരകളും കസേരകളും***





ലഭ്യമായി.

ഒന്നര ലക്ഷത്തിന്റെ സയൻസ്, ഗണിത, സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരച്ചു. കമ്പ്യൂട്ടർ ലാബിലേയ്ക്ക് മുപ്പത്തഞ്ചോളം കമ്പ്യൂട്ടറുകൾ ലഭിച്ചു. നഷ്ട്ടപ്പെട്ടതിൻെ ഇരട്ടി ലാപ്ടോപ്പുകളും മറ്റ് ഉപകരണങ്ങളും ലഭ്യമായി.അടുക്കളയിലേയ്ക്ക് പുതിയ പാത്രങ്ങളും മറ്റ് ഉപകരണങ്ങളും ലഭിച്ചു. ഇപ്പോൾ വിദ്യാലയം അക്ഷരാർത്ഥത്തിൽ ഒരു 'ഫീനിക്സ് ' പക്ഷിയായി മാറിക്കഴിഞ്ഞു.

---

## സ്കൂൾ അതിജീവനത്തിന്റെ പാതയിൽ......













Reliance
Foundation






---

## നന്ദി

**ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മയുടെ ഭാഗമായി തയ്യാറാക്കിയ "നിറക്കൂട്ട് " എന്ന മാഗസിനു പിന്നിൽ പ്രവർത്തിച്ച കൂട്ടുകാർക്കും അധ്യാപകർക്കും നന്ദി......**